പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1706 03.05.2017- ൽ മറുപടിയ്ക്ക്**

## ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.എൻ.എ. നെല്ലിക്കുന്ന് : | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| (എ) മരുന്നു വിതരണം നിയന്ത്രിക്കുന്നതിനു പുതിയ സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട് |
| (ബി) ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്; | (ബി) ആരോഗ്യ വകുപ്പിന്റേയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റേയും കീഴിലുള്ള എല്ലാ സർക്കാർ ആശുപത്രികളിലേയും മരുന്നുകളുടെ ലഭ്യത നിരീക്ഷിക്കുന്നതിലേയ്ക്കായിട്ടാണ് ഓൺ ലൈൻ ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം എന്ന സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. വിവര സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി വികസി പ്പിച്ചിട്ടുള്ള ഈ സോഫ്റ്റ്‌വെയർ മുഖാന്തിരം ഓരോ ആശുപത്രിക്കും ഒരോ വർഷത്തേക്ക് ആവശ്യമുള്ള മരുന്നുകൾ എത്രയാണെന്ന് രേഖപ്പെടുത്തുവാൻ സാധിക്കുന്നതാണ്. ആശുപത്രികൾ ആവശ്യപ്പെടുന്ന മരുന്നുകളുടെ വിവരങ്ങൾ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലുമുള്ള ആരോഗ്യ വകുപ്പിലേയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലേയും വകുപ്പ് മേധാവികൾക്ക് പരിശോധിച്ച് അവയിൽ വേണ്ട മാറ്റങ്ങളും നിർദ്ദേശങ്ങളും സോഫ്റ്റ്‌വെയർ മുഖാന്തിരം വരുത്തി മരുന്നുകൾ സംഭരിക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തുവാൻ സാധിക്കും.<br><br>കോർപ്പറേഷനിൽ നിന്നും വിതരണം ചെയ്യുന്ന മരുന്നുകൾ സർക്കാർ ആശുപത്രികളിൽ ഓൺലൈൻ ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ്‌വെയർ മുഖാന്തിരം സ്റ്റോക്കിൽ എടുക്കുകയും തുടർന്ന് First Expiry First Out (FEFO) എന്ന മാനദണ്ഡത്തിലൂടെയും ബാച്ച് തിരിച്ചും ആശുപത്രി സബ്സ്റ്റോറുകളിലേയ്ക്കും വാർഡുകളിലേയ്ക്കും വിതരണം ചെയ്യുവാൻ സാധിക്കുന്നതാണ്. സർക്കാർ ആശുപത്രികളിലേയ്ക്ക് മെഡിക്കൽ സർവ്വീസസ് |

കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന മരുന്നുകളെ കൂടാതെ ആശുപത്രി അധികൃതർ സ്വന്തമായി തുക ചിലവഴിച്ച് സംഭരിക്കുന്ന മരുന്നുകളെ സംബന്ധിക്കുന്ന വിവരങ്ങളും ഡി.ഡി.എം.എസ് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുവാൻ സാധിക്കുന്നതാണ്. തൻമൂലം ഓരോ ആശുപത്രിയും ഓരോ വർഷവും ലോക്കൽ പർച്ചേസ് മുഖാന്തിരം സംഭരിക്കുന്ന മരുന്നുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ സോഫ്റ്റ്‌വെയറിലൂടെ ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും നിരീക്ഷിക്കുവാനും സാധിക്കും.

ഓരോ ആശുപത്രിയിലും ഏതൊക്കെ മരുന്നുകൾ എത്രയൊക്കെ വീതം ഫാർമസി സ്റ്റോറുകളിൽ ലഭ്യമാണ് എന്നുള്ള കാര്യം ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഓൺലൈൻ ഡി.ഡി.എം.എസ്. സോഫ്റ്റ്‌വെയർ മുഖാന്തിരം നിരീക്ഷിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ ആശുപത്രികളിലെ സ്ലോ മൂവിങ്ങ്, ഷോർട്ട് എക്സ്പയറി മരുന്നുകളുടെ വിവരങ്ങൾ അതാത് ആശുപത്രി അധികൃതർക്കും ജില്ലാ സംസ്ഥാനതല ഉദ്യോഗസ്ഥർക്കും നിരീക്ഷിക്കുവാനും കാലാവധി കഴിയും മുൻപ് തന്നെ ഈ മരുന്നുകൾ ആവശ്യമുള്ള മറ്റ് ആശുപത്രികളിലേയ്ക്ക് (ജില്ലയിലേയോ, മറ്റ് ജില്ലയിലേയോ) സോഫ്റ്റ്‌വെയറിലൂടെ മാറ്റുവാനും സാധിക്കും.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ചു വിതരണം ചെയ്യുന്ന മരുന്നിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച് പരാതി ലഭിച്ചാൽ പ രാതി പരിശോധിച്ച് മരുന്നുകളുടെ സംസ്ഥാന തലത്തിലുള്ള വിതരണം തടയുന്നതിനുള്ള സംവിധാനവും ഡി.ഡി.എം.എസ് സോഫ്റ്റ്‌വെയറിൽ ലഭ്യമാണ്. ഇത്തരത്തിൽ ഫ്രീസ് ചെയ്യുന്ന മരുന്നുകൾ ആശുപത്രികളിലെ ഫാർമസി സ്റ്റോറിൽ നിന്നും യാതൊരുവിധ സാഹചര്യത്തിലും സോഫ്റ്റ്‌വെയർ മുഖാന്തിരം വിതരണം ചെയ്യുവാൻ സാധിക്കുന്നതല്ല. അതുവഴി രോഗികൾക്ക് ഗുണനിലവാരമില്ലാത്ത മരുന്നുകൾ ലഭ്യമാക്കി വലിയ വിപത്തുകൾക്ക് കാരണമാകുന്നത് തടയുവാനും സാധിക്കും. ആശുപത്രികൾ നേരിട്ട് സംഭരിക്കുന്ന മരുന്നുകളെ സംബന്ധിച്ച് പരാതിയുണ്ടായാൽ ആശുപത്രി അധികൃതർക്ക് ടി മരുന്നിനേയോ, മരുന്നിന്റെ ബാച്ചിന്റേയോ സോഫ്റ്റ്‌വെയർ മുഖാന്തിരമുള്ള വിതരണം നേരിട്ട് തടയുവാൻ സാധിക്കുന്നതാണ്.

(സി) സർക്കാർ ആശുപത്രികളിലെ മരുന്നു ക്ഷാമത്തിനും ആശുപത്രികൾ നേരിട്ട് മരുന്നു വാങ്ങുന്നതും സംബന്ധിച്ച് ഉയരുന്ന ആക്ഷേപങ്ങൾക്കും

(സി) സർക്കാർ ആശുപത്രികൾ നൽകുന്ന ഇൻഡന്റ് അനുസരിച്ചുള്ള മരുന്നുകളും അനുബന്ധ സാമഗ്രികളും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഇ-ദർഘാസ് മുഖേന സംഭരിച്ച് നൽകിവരുന്നു. കൂടാതെ തടസ്സംകൂടാതെയുള്ള മരുന്ന് വിതരണം ഉറപ്പാക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം ആരോഗ്യവകുപ്പിൽ

| | |
|---|---|
| എങ്ങനെ പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നത്? | നിന്നും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നിന്നും വാർഷിക ഇൻഡന്റ് സമർപ്പിച്ചതിന് ഉപരിയായി ആവശ്യപ്പെട്ട മരുന്നുകളും പ്രസ്തുത സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ കോർപ്പറേഷൻ ദർഘാസ് വ്യവസ്ഥകൾക്ക് വിധേയമായി സംഭരിച്ച് നൽകിയിട്ടുണ്ട്.<br><br>2017-18 സാമ്പത്തികവർഷം ആരംഭം മുതൽ തന്നെ മരുന്നുകൾ എല്ലാ ആശുപത്രികളിലും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പ് സാമ്പത്തികവർഷത്തെ ദർഘാസ് നടപടിക്രമങ്ങൾ 2016 ഒക്ടോബർമാസം ആരംഭിക്കുകയും ഫെബ്രുവരി മാസത്തോടു കൂടി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വിതരണ ഉത്തരവുകൾ നൽകുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് കോർപ്പറേഷന്റെ വിവിധ ജില്ലാ മരുന്നു സംഭരണ ശാലകളിൽ എത്തിയ മരുന്നുകൾ അതത് സർക്കാർ ആശുപത്രികൾക്ക് ഇൻഡന്റിന് അനുസൃതമായി നൽകി വരുന്നു.<br><br>അവശ്യമരുന്നുപട്ടികയിൽ ഉൾപ്പെട്ടതും വിതരണക്കാരെ ലഭിക്കാത്തതുമായ ചില മരുന്നുകൾ ആശുപത്രികൾ പ്രാദേശികമായി സംഭരിക്കാറുണ്ട്.<br><br>നിലവിലുള്ള അവശ്യമരുന്ന് പട്ടികയിൽ ഉൾപ്പെടാത്തതും എന്നാൽ രോഗ ചികിത്സയ്ക്ക് അത്യന്താപേക്ഷിതവുമായ സ്പെഷ്യാലിറ്റി ഇനത്തിൽപ്പെട്ട ചില മരുന്നുകളും ആശുപത്രിതലത്തിൽ സംഭരിക്കാറുണ്ട്<br><br>* ആവർത്തിച്ച് ദർഘാസ് ക്ഷണിച്ചിട്ടും വിവിധ കാരണങ്ങളാൽ വിതരണക്കാരെ ലഭിക്കാത്ത ഇനം മരുന്നുകളിൽ ഏറെ അത്യാവശ്യമുള്ളവ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ തന്നെ സംരംഭമായ കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന സംഭരിച്ചു ലഭ്യമാക്കുന്നുണ്ട്.<br><br>* അവശ്യ മരുന്നു പട്ടികയിൽ ഉൾപ്പെടാത്ത സ്പെഷ്യാലിറ്റി/ സൂപ്പർ സ്പെഷ്യാലിറ്റി ഇനങ്ങളിൽപ്പെട്ടതുമായ മരുന്നുകൾ സംഭരിച്ച് വിതരണം നടത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ